₹ 5/-

# റിയൽ ലൈഫ് വോയ്സ്

# R E A L  L I F E  V O I C E

Monthly

Volume 8
Issue 7

**January 2020**

pages 24

"തങ്ങൾക്കു ഏല്പിച്ചു കിട്ടിയ വിശുദ്ധ കല്പ
നയെ നീതിയുടെ വഴി അറിഞ്ഞ ശേഷം വിട്ടു
കളയുന്നതിനേക്കാൾ അത് അറിയാതിരിക്കു
ന്നത് അവർക്കു നന്നായിരുന്നു. എന്നാൽ
സ്വന്ത ഛർദ്ദിക്ക് തിരിഞ്ഞ നായെന്നും കുളി
ച്ചിട്ട് ചളിയിൽ ഉരുളുവാൻ തിരിഞ്ഞ പന്നി
യെന്നും ഉള്ള സത്യമായ പഴഞ്ചൊല്ല് പോലെ
അവർക്കു സംഭവിച്ചു" **(2 പത്രൊസ് 2:21,22)**

REAL LIFE VOICE

REAL LIFE, KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# R E A L   L I F E   V O I C E

**Volume 8   Issue 7  January 2019   pages 24   Rs.5/-**



**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.



**Printed at:**
Chirayath Printers,
Mannuthy P.O., Tcr.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

താത്പര്യമുള്ളവർക്ക്
വരിസംഖ്യയോ
സംഭാവനയോ
Sebastian M.V.
എന്ന പേരിൽ ക്രോസ്സ്ഡ്
ചെക്ക് ആയി അയയ്ക്കാം.
ദയവായി മണിഓർഡർ
(MO) അയയ്ക്കരുത്.

*Bank:*
The Dhanlaxmi Bank Ltd.
*Branch:* Kottekad.
*IFS Code:*
DLXB0000087
*A/c No.:*
008700100014394



**Email: reallifekottekad@gmail.com**
**Website: www.reallifevoice.in**



**Book No. 97**


## ഉള്ളടക്കം

പേജ്


- സുഗതന്റെ കെട്ടു പൊട്ടി 3
- പ്രതികരണങ്ങൾ 7
- മഹാഭാഗ്യം (17) 8
- പുതിയനിയമത്തിലൂടെ യാത്ര (2) 11
- പരിശുദ്ധാത്മാവ് (20) 14
- യോവേൽ (10) 16
- കൊച്ചുണ്ണിയുടെ ബൈബിൾവായന (14) 18
- ഓന്ത് (ചെറുകഥ) 20
- കോപ്പനെ കുടുക്കിയ കെണി 24


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# സുഗതന്റെ കെട്ടു പൊട്ടി!

പാസ്റ്റർ സജിത് ജോസഫ് (ഗ്രെയ്സ് കമ്മ്യൂണിറ്റിയുടെ സ്ഥാപകൻ) നടത്തിയ അത്ഭുതരോഗശാന്തികളുടെ വീഡിയോകൾ സുലഭമാണ്. സുമുഖനായ യൗവനക്കാരനാണ് പാസ്റ്റർ സജിത് ജോസഫ്. മുമ്പ് കത്തോലിക്കാസഭയിലായിരുന്നു. പിന്നീടൊരിക്കൽ 'വിളി' വന്നു, അങ്ങനെ പെന്തെക്കോസ്തുകാരനായി. അഞ്ച് ഭൂഖണ്ഡങ്ങളിലായി അദ്ദേഹത്തിന്റെ സഭ വളർന്നു. വെയിലും കൊണ്ട് സുവിശേഷം അറിയിച്ചു നടന്നിട്ടുള്ള പലരും ആത്മാക്കളെ ലഭിക്കാതെ വലഞ്ഞപ്പോൾ, പാസ്റ്റർ സജിത് ജോസഫിന്റെ പ്രവർത്തനഫലമായി ആയിരങ്ങൾ രക്ഷയിലേക്കു വന്നു!

അത്ഭുതരോഗശാന്തിയുടെ ആശാനായിരുന്നു പാസ്റ്റർ സജിത് ജോസഫ്. അദ്ദേഹം ബ്രെസ്റ്റ്കാൻസർ സൗഖ്യമാക്കുന്നതിന്റെ വീഡിയോകൾ സുലഭം.

⇨


ദൈവത്തിനു സ്തോത്രം!

റിയൽ ലൈഫ് വോയ്സ്

9-ാം വർഷത്തിലേക്ക്

പ്രവേശിക്കുന്നു!

എല്ലാ വായനക്കാർക്കും പുതുവത്സരാശംസകൾ!

സ്ത്രീകളെ മുന്നിലേക്ക് വിളിച്ചിട്ട്, അവരുടെ മാറിടത്തിന്റെ ഇന്ന ഭാഗത്ത് മുഴയുള്ള കാര്യം വെളിപ്പെടുത്തുന്നു. പിന്നീട് ആ മുഴ മാറുന്നതായി അദ്ദേഹം പ്രഖ്യാപിക്കുന്നു. അപ്പോൾ ആ സ്ത്രീ തപ്പിനോക്കിയിട്ട് അതു മാറി എന്നു സാക്ഷ്യപ്പെടുത്തുന്നു. സ്തോത്രവും ഹല്ലേലുയ്യായും മുഴങ്ങുന്നു!

കേരളത്തിൽ പാസ്റ്റർ സജിത് ജോസഫിന്റെ നിരവധി 'അത്ഭുതപ്രവർത്ത നങ്ങൾ' നടന്നിട്ടുണ്ട്. അതിൽ മിമിക്രിക്കാരുൾപ്പെടെ ആഘോഷിച്ച ഒന്നാണ് ''സുഗതന്റെ കെട്ട് പൊട്ടി'' എന്നത്. കേരളക്കരയിലെ സഹൃദയരായ മിമിക്രി ആസ്വാദകരെല്ലാം അന്നു ചിരിച്ചു ചിരിച്ചു ചത്തു എന്നു പറയാം. പ്രത്യേക താളത്തിൽ ''സൂസമ്മേ, സൂസമ്മേ, സുഗതന്റെ കെട്ടു പൊട്ടി'' എന്നു അദ്ദേഹം പാടുന്നത് ഈ സമീപകാലത്തെ ഏറ്റവും വലിയ കോമഡികളിൽ ഒന്നായി രുന്നു.

സുഗതന്റെ കെട്ടു പൊട്ടിച്ച പാസ്റ്റർ സജിത് ജോസഫിന്റെ കെട്ട് ഇപ്പോൾ പൊട്ടിപ്പോയിരിക്കുന്നു. സ്തോത്രം! എന്തെന്നാൽ പാസ്റ്റർ സജിത് ജോസഫ് എല്ലാ കെട്ടും പൊട്ടിച്ച് റോമൻ കത്തോലിക്കാസഭയിൽ ചേർന്നിരിക്കുന്നു. അഥവാ മാതൃസഭയിലേക്ക് മടങ്ങിപ്പോയിരിക്കുന്നു. അഥവാ ഗർ വാപസി! ഇനി സജിതിന്റെ അത്ഭുതശാന്തികൾ ധ്യാനകേന്ദ്രങ്ങളിൽ കാണുമെന്നു പ്രതീക്ഷിക്കാം. നിരവധി സുഗതന്മാരുടെ കെട്ടു അദ്ദേഹം പൊട്ടിക്കും.

മാത്രമല്ല, കത്തോലിക്കാസഭയിലെ സഹോദരിമാർക്ക് മാമോഗ്രഫി ചെയ്യാതെ തന്നെ ബ്രെസ്റ്റ് കാൻസർ ഉണ്ടോ എന്ന് ഇനി അറിയാം. ആരാ വന്നിരിക്കുന്നത് എന്ന് അറിയില്ലേ? ഇന്ന സ്ഥലത്ത് ഇത്ര വലിപ്പമുള്ള മുഴ ഉണ്ട് എന്നു പ്രവചിക്കുന്ന, പരിശുദ്ധാത്മാവിനെ ഉള്ളം കയ്യിലിട്ട് അമ്മാന മാടുന്ന, അത്ഭുതവരപ്രാപ്തൻ! മാത്രമല്ല, ആ കാൻസർ മാറ്റിക്കൊടുക്കയും ചെയ്യും. പ്രെയ്സ് ദ ലോഡ്! ബ്രെസ്റ്റ് കാൻസറിനു ചികിത്സിച്ച് കാശുണ്ടാ ക്കുന്ന വല്ല ആശുപത്രിക്കാരും ആ പാവത്തിനെ തല്ലിക്കൊല്ലാണ്ടിരുന്നാൽ മതിയായിരുന്നു.

ബൈബിൾ വായിക്കാതെ കത്തോലിക്കാസഭയിൽ നിന്നും എന്തിനോ വേണ്ടി പുറത്തു ചാടിയ സജിത് ജോസഫ്, ബൈബിൾ വായിക്കാതെ തന്നെ എന്തിനോ വേണ്ടി വീണ്ടും കത്തോലിക്കാസഭയിലേക്ക് മടങ്ങിപ്പോയി. കത്തോലിക്കാസഭയാകട്ടെ ഈ വിജയം ആഘോഷിക്കുകയാണ്. ഒരു ഒന്നൊ ന്നര മകൻ മടങ്ങി വന്നിരിക്കയല്ലേ. ധ്യാനകേന്ദ്രങ്ങളിലെ അച്ചന്മാര് എത്ര കുത്തി മറിഞ്ഞാലും പാസ്റ്റർമാരുടെ ആ ഒരു 'ഇത്' കിട്ടില്ല. ഇതാ ഒരു സാക്ഷാൽ പാസ്റ്റർ വന്നിരിക്കുന്നു. അച്ചന്മാരുടേതിനേക്കാൾ ഉഷാറായിട്ടുള്ള ഒരു തേരോട്ടം ഇനി പ്രതീക്ഷിക്കാം.

ബ്രെസ്റ്റ് കാൻസർ ഉൾപ്പെടെയുള്ള രോഗങ്ങൾ ഇനി കണ്ടം വഴി ഓടും. കുറെ സുഗതന്മാരുടെ കെട്ട് പൊട്ടും. സൂസമ്മമാരുടെ കണ്ണിൽ നിന്നും ആന

ന്ദാശ്രുക്കൾ പത്തിന്റെ മോട്ടോർ വച്ച പോലെ പുറത്തേക്കൊഴുകും. സുപ്രസിദ്ധ ടിവി പ്രഭാഷകനായി അദ്ദേഹം പൂർവ്വാധികം ശക്തിയോടെ തുടരും. കത്തോലിക്കാസഭയാകുന്ന വലിയ ക്യാൻവാസാണ് ലഭിച്ചിരിക്കുന്നത്. അവിടെ അദ്ദേഹം വർണ്ണങ്ങൾ കൊണ്ട് സുന്ദരമായ മായജാലം തീർക്കും.

പാസ്റ്റർ സജിത് ജോസഫിന്റെ കത്തോലിക്കാസഭയിലേക്കുള്ള മടങ്ങിവരവിനെ ആയുധമാക്കി നമ്മുടെ ലൂസിഫറാശാൻ കത്തോലിക്കാപശ്ചാത്തലത്തിൽ നിന്നും വിശ്വാസത്തിലേക്ക് വന്നിട്ടുള്ള പലരെയും നോട്ടമിട്ടിട്ടുണ്ട്. പെന്തെക്കോസ്തിലുള്ള എല്ലാതും കത്തോലിക്കാസഭയിലും ഉണ്ടല്ലോ. അധികമായും ഉണ്ട്. അന്യഭാഷ ഉണ്ട്; പ്രവചനം ഉണ്ട്; ഭൂതശാന്തി ഉണ്ട്; രോഗശാന്തി ഉണ്ട്. അതും പോരാഞ്ഞ്, അച്ചന്മാരും അൾത്താരബാലന്മാരും, കന്യാസ്ത്രീകളും... അങ്ങനെ നീളുന്ന വിപുലമായ ഒരു നിര! സജിത് ശുശ്രൂഷകളാൽ വലഞ്ഞു പോകുമാറ് വലിയ പ്രതലമാണ് ലഭിച്ചിട്ടുള്ളത്.

ശുശ്രൂഷകളുടെ ബാഹുല്യം നിമിത്തം തളർന്നു പോകാതെ അദ്ദേഹം കത്തോലിക്കാസഭയിൽ മുന്നേറട്ടെ. എന്നാൽ വല്ലപ്പോഴും അല്പസമയം ലഭിച്ചാൽ ബൈബിൾ ഒന്നു എടുത്ത് വായിച്ചു നോക്കിയാൽ മതിയായിരുന്നു. ഇത്ര നാളത്തെ അദ്ദേഹത്തിന്റെ പ്രശ്നം ബൈബിൾ വേണ്ടും വണ്ണം വായിക്കാത്തതായിരുന്നു. ഇനിയെങ്കിലും അതൊന്നു നേരെചൊവ്വെ വായിച്ചു നോക്കിയാൽ മതിയായിരുന്നു. എങ്കിൽ അദ്ദേഹം കത്തോലിക്കാസഭയിൽ നിന്നും വീണ്ടും പുറത്തേക്കു ചാടും.

വിഗ്രഹാരാധനയും വെന്തിങ്ങയും കൊന്തയും കുരിശും കുമ്പസാരവും കുർബ്ബാനയും ഒക്കെയായി സസുഖം വാഴുമ്പോൾ ഇതൊക്കെ ബൈബിളിലുണ്ടോ എന്നു ചിന്തിച്ചാൽ അദ്ദേഹത്തിനു നല്ലത്. ബൈബിളിലെങ്ങും കാണാത്ത വേറോനിക്കയെ ഇനി സജിത് കാണും. ''ആറാംസ്ഥലം – വേറോനിക്ക കർത്താവിന്റെ തിരുമുഖം തുടയ്ക്കുന്നു'' എന്നിങ്ങനെ ദുഃഖവെള്ളിയാഴ്ചയിലെ കുരിശിന്റെ വഴിയിൽ ഇനി അദ്ദേഹം സജീവമാകും. ''വിശുദ്ധ സെബസ്ത്യാനോസേ ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ'', ''പരിശുദ്ധ മറിയമേ തമ്പുരാന്റെ അമ്മേ പാപികളായ ഞങ്ങൾക്കു വേണ്ടി ഇപ്പോഴും എപ്പോഴും മരണസമയത്തും അപേക്ഷിക്കണമേ'' എന്നൊക്കെ അദ്ദേഹം ഇനി ഏറ്റു പറയും. കാലം പോകുന്ന പോക്കേ!

ഏതായാലും ഒരു കാര്യത്തിൽ എനിക്കു സന്തോഷമുണ്ട്. ഇത്രനാളും ഏത് ആത്മാവിലാണ് അദ്ദേഹം പ്രവർത്തിച്ചിരുന്നത് എന്നു ഇപ്പോൾ വ്യക്തമായി. അഞ്ചു വൻകരകളിൽ സഭകൾ വളർന്നതിന്റെ പിന്നിലെ കരം ദൈവത്തിന്റേതായിരുന്നില്ല എന്നു തെളിഞ്ഞിരിക്കുന്നു. സന്തോഷം. അതുകൊണ്ടാണ് ഞങ്ങൾ പറയുന്നത്, ഒരാളുടെ വളർച്ചയുടെ അടിസ്ഥാനത്തിലല്ല, വചനത്തിന്റെ അടിസ്ഥാനത്തിലാണ് നാം ഉപദേശങ്ങളെ മനസ്സിലാക്കേണ്ടത് എന്ന്.

500 കൊല്ലത്തെ ചരിത്രമേ കത്തോലിക്കരല്ലാത്തവർക്കുള്ളൂ എന്നാണ് സജിത് ജോസഫ് കണ്ടെത്തിയത്. അതുകൊണ്ട് മാതൃസഭയിലേക്ക് താൻ മടങ്ങിപ്പോവുകയാണത്രേ! എന്റെ സജിത്തേ, അങ്ങനെ മാതൃസഭ തപ്പി ഇറങ്ങിയാൽ സജിത് ചെല്ലേണ്ടത് ഹൈന്ദവക്കൂട്ടത്തിലേക്കല്ലേ? കുറച്ചുംകൂടി വ്യക്തമായി പറഞ്ഞാൽ ദ്രാവിഡന്മാർ ആരാധിച്ചിരുന്ന ദേവന്മാരെയാണ് സജിത് ജോസഫ് ഇനി മുതൽ ആരാധിക്കേണ്ടത്. അപ്പോൾ മാത്രമേ താങ്കളുടെ മാതൃസഭയിലേക്കുള്ള മടങ്ങിപ്പോക്ക് ആത്മാർത്ഥതയുള്ളതാകൂ. ഒരു അപേക്ഷയുണ്ട്. വേഷം, വീട്, ശൗചാലയം ഈ വക കാര്യങ്ങളിലും ഇത്തരം ഒരു മടങ്ങിപ്പോക്ക് ദയവായി അരുത്. അതൊന്നും കാണാനുള്ള കരുത്ത് ഞങ്ങൾ മലയാളികൾക്കില്ല.

താങ്കൾ ബൈബിൾ വായിക്കൂ. അപ്പൊസ്തലപ്രവൃത്തികളുടെ പുസ്തകം വായിക്കൂ. അതിൽ ഒന്നാം നൂറ്റാണ്ടിലെ ദൈവജനം എപ്രകാരമായിരുന്നു എന്നു രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. അതാണ് പഴയ ചരിത്രം. കത്തോലിക്കാസഭയുടെ ചരിത്രത്തിനേക്കാൾ പഴക്കമുണ്ട് അതിന്. അവർക്ക് വിഗ്രഹാരാധന ഉണ്ടായിരുന്നില്ല. ദൈവമാതാവും പുണ്യാളന്മാരും ഉണ്ടായിരുന്നില്ല. ക്രിസ്മസും കുമ്പസാരവും ഉണ്ടായിരുന്നില്ല. അച്ചന്മാരും കന്യാസ്ത്രീകളും ഉണ്ടായിരുന്നില്ല. കുരിശും കതിനാവെടിയും ഉണ്ടായിരുന്നില്ല. അതാണ് മാതൃസഭ. മടങ്ങിപ്പോകേണ്ടത് ആ സഭയിലേക്കാണ്.

**എം. വി. സെബാസ്റ്റ്യൻ**

## മരിച്ചാൽ മാത്രം!

### പി വി സന്തോഷ്, വയനാട്

അയൽവാസിയുമായി ശത്രുതയിലായിരുന്ന ഒരു മനുഷ്യൻ രോഗം പിടിപ്പെട്ട് മരിക്കാറായി. അതിനു മുമ്പ് അയൽക്കാരനുമായി രമ്യപ്പെടണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. ഉടനെത്തന്നെ ആളയച്ച് അയൽവാസിയെ വരുത്തി രണ്ടു പേരും അന്യോന്യം കുറ്റങ്ങൾ ഏറ്റുപറഞ്ഞ് ക്ഷമ പറഞ്ഞു, കെട്ടിപ്പിടിച്ചു കരഞ്ഞു. അയൽക്കാരൻ സന്തോഷത്തോടെ യാത്ര പറഞ്ഞു പിരിയുമ്പോൾ രോഗിയായി കിടന്ന മനുഷ്യൻ വീണ്ടും അയൽക്കാരനെ വിളിച്ചിട്ടു പറഞ്ഞു: ഞാൻ മരിക്കുകയാണെങ്കിൽ മാത്രമേയുള്ളൂ ഈ ക്ഷമയും സ്നേഹബന്ധവും. സൗഖ്യം വന്ന് ഞാൻ എണീറ്റ് നടന്നാൽ നിന്നോട് പക വീട്ടാതിരിക്കാൻ എനിക്കു നിവർത്തിയില്ല.

**വാലറ്റം:** ആരും തിന്മക്കു പകരം തിന്മ ചെയ്യാതിരിപ്പാൻ നോക്കുവിൻ. തമ്മിലും എല്ലാവരോടും എപ്പോഴും നന്മ ചെയ്തുകൊണ്ടിരിപ്പിൻ (1 തെസ.5:15)

# പ്രതികരണങ്ങൾ

**നിങ്ങളുടെ പ്രതികരണങ്ങൾ കത്തു മുഖേനയോ, sms ആയോ, email ആയോ whatsapp ആയോ അറിയിക്കുക. ഫോണിലൂടെ വിളിച്ചറിയിക്കുകയുമാവാം. ഫോൺ: 95 44 557 557**

## George Varghese, Chalissery, Palakkad

2019 നവംബർ മാസത്തിലെ മാസികയിലെ പരിശുദ്ധാത്മാവ് പോയിന്റ് നമ്പർ 1 വായിച്ചു. ജനങ്ങൾ പലതും കാട്ടിക്കൂട്ടട്ടെ. എന്നാൽ ഞാൻ ഒന്നാമത് യേശുക്രിസ്തു എന്തു പഠിപ്പിച്ചു എന്നും, പിന്നീട് അതിനു സാമ്യമായ അപ്പൊസ്തലന്മാരുടെ പഠിപ്പിക്കലുകൾ എന്തു പറയുന്നു എന്നും നോക്കുന്നു.

പരിശുദ്ധാത്മാവിനെ തരും, അയയ്ക്കും എന്നെല്ലാം കർത്താവ് പറഞ്ഞിട്ടുണ്ട് (യോഹന്നാൻ 14:16,26, 15:26). പരിശുദ്ധാത്മാവ് ശിഷ്യന്മാരുടെ മേൽ ആദ്യം പകരപ്പെട്ടപ്പോൾ അവർ അന്യഭാഷയിൽ സംസാരിച്ചു (അപ്പൊ.പ്രവൃ.2:4). കൊർന്നേല്യൊസിന്റെ ഭവനക്കാരുടെ മേലും (10:44,45), എഫെസൊസിലെ ശിഷ്യന്മാരുടെ മേലും (19:6), ശമര്യരുടെ മേലും (8:15,18) പരിശുദ്ധാത്മാവ് ആദ്യം പകരപ്പെട്ടപ്പോൾ അവർ അന്യഭാഷയിൽ സംസാരിച്ചു.

ആകയാൽ ഒരു ക്രിസ്തുശിഷ്യൻ ആദ്യം പരിശുദ്ധാത്മാവിനെ പ്രാപിക്കുമ്പോൾ അന്യഭാഷ പറഞ്ഞിരിക്കും. **(എഡിറ്റർ: ആദ്യം പരിശുദ്ധാത്മാവിനെ പ്രാപിക്കുമ്പോൾ ഒരാൾ നിർബന്ധമായും അന്യഭാഷ പറഞ്ഞിരിക്കും എന്നും എന്നാൽ പിന്നീട് അയാൾ അന്യഭാഷ പറയണമെന്നില്ല എന്നുമാണ് ഈ കത്തിൽനിന്നും മനസ്സിലാകുന്നത്. അന്യഭാഷ പറഞ്ഞേ ഒക്കൂ എന്നു പഠിപ്പിക്കുന്ന പെന്തെക്കോസ്തുകാരോ അതുപോലുള്ള മറ്റുള്ളവരോ ഈ വാദം അംഗീകരിക്കാൻ സാധ്യതയില്ല.**

**ശിഷ്യന്മാരുടെ മേൽ പരിശുദ്ധാത്മാവ് വന്നപ്പോൾ അവർ പറഞ്ഞ അന്യഭാഷ മറ്റുള്ളവരുടെ ഭാഷയായിരുന്നുവല്ലോ. ഇക്കാലയളവിൽ ആദ്യമായി പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നവർ, തങ്ങൾ പഠിക്കാത്ത മറ്റു ഭാഷകൾ പറയുന്നതായി കാണുന്നുണ്ടോ?)**

**പല വായനക്കാരും അവരുടെ പ്രതികരണങ്ങൾ കത്തുമൂലം എഴുതി അറിയിക്കുന്നതായി പറയാറുണ്ട്. പക്ഷേ, നിർഭാഗ്യവശാൽ പല കത്തുകളും ഇവിടെ ലഭിക്കാറില്ല. എന്നാൽ വാട്ട്സാപ്പ്, എസ്എംഎസ്, ഇമെയിൽ എന്നീ രീതികളിൽ പ്രതികരണങ്ങൾ അയച്ചാൽ അതു നഷ്ടപ്പെടാതെ ഞങ്ങൾക്ക് വായിക്കാൻ കഴിയും. (എഡിറ്റർ)**

# മഹാഭാഗ്യം!

17

**റ്റി. ജോൺമാത്യു, മണ്ണുത്തി**

ദൈവത്തിൽനിന്നും ലഭിച്ചിരിക്കുന്ന പരിശുദ്ധാത്മാഭിഷേകം പ്രയോജനപ്പെടുത്താത്തവർ തെറ്റിദ്ധാരണകളും അറിവില്ലായ്മകളും ഒക്കെ എല്ലാ രംഗങ്ങളിലും വെച്ചു പുലർത്തിക്കൊണ്ടിരിക്കുന്നു എന്നുള്ളതാണ് സത്യം. അതിനു ചില ഉദാഹരണങ്ങൾ താഴെ ചൂണ്ടിക്കാണിക്കുന്നു.

യെശയ്യാവ് 63-ാം അദ്ധ്യായത്തിൽ, സഭ ഭൂമിയിൽനിന്നും എടുക്കപ്പെട്ടതിനുശേഷം ജാതികളുടെ മേൽ ഉണ്ടാകുന്ന ദൈവത്തിന്റെ ന്യായവിധിയെക്കുറിച്ച് പ്രസ്താവിച്ചിട്ടുണ്ട്. വെളിപ്പാട് 14:17-20 വരെ വാക്യങ്ങൾ വായിക്കുമ്പോൾ ആ ന്യായവിധികളുടെ കാഠിന്യം നമുക്ക് വ്യക്തമാകയും ചെയ്യുന്നു. യെശയ്യാപ്രവചനത്തിലെ ഈ ഭാഗത്ത് 'ഏകനായി' എന്നൊരു പദം നാം കാണുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഈ പ്രവചനഭാഗം യേശു ക്രൂശിൽ ഏകനായി അനുഭവിച്ച കഷ്ടാനുഭവത്തിന്റെ വിവരണമാണെന്നു പറയുന്ന അനേകർ ഉണ്ട്. പരിശുദ്ധാത്മാഭിഷേകം പ്രയോജനപ്പെടുത്തി ആഴമായി ചിന്തിക്കാതെ വചനം വായിക്കുന്നത് മൂലമുണ്ടാകുന്ന പല തെറ്റിദ്ധാരണകളിലൊന്നാണ് യെശയ്യാ 63 ലെ ഈ 'കഷ്ടാനുഭവ ദർശനം'.

യേശു ക്രൂശിക്കപ്പെട്ടപ്പോൾ പടയാളികൾ യേശുവിന്റെ വസ്ത്രം വിഭജിച്ച് നാലു പങ്കാക്കി, ഓരോ പങ്ക് ഓരോരുത്തരും എടുത്തുവെന്നും അങ്കി ചീട്ടിട്ട്, ചീട്ട് വീണ ആൾ എടുത്തു എന്നും സുവിശേഷങ്ങളിൽ നാം വായിക്കുന്നു (യോഹ.19:23-24). ചീട്ട് എന്ന പദം മാത്രം ശ്രദ്ധിച്ചു കൊണ്ട് ഈ വേദഭാഗങ്ങൾ വായിച്ചിട്ട്, "യേശുവിനെ ക്രൂശിച്ച പടയാളികൾ ചീട്ടുകളിച്ചു രസിച്ചു" എന്നു പറഞ്ഞുപോയിട്ടുള്ളവരുണ്ട്.

ചീട്ടു തർക്കങ്ങളെ തീർക്കുന്നു എന്ന് സദൃശ.18:18 ലും യൂദായുടെ അപ്പൊസ്തലസ്ഥാനം മത്ഥിയാസിനു കൊടുക്കണമോ അതോ യുസ്തൊസ് എന്ന മറുപേരുള്ള ബർശബാ എന്ന യോസേഫിന് കൊടുക്കണമോ എന്നു ചീട്ടിട്ടു തീരുമാനിച്ചു എന്ന് അപ്പൊ.പ്രവൃ.1:21-26 വരെ വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നതും ഒന്നും ശ്രദ്ധിക്കാത്തവരാണ് ഇപ്രകാരം പറഞ്ഞിട്ടുള്ളത്. ദൈവാത്മാവിന്റെ അഭിഷേകം പ്രയോജനപ്പെടു

ത്തിക്കൊണ്ട് വചനം ശ്രദ്ധിച്ചു വായിക്കാത്തതുകൊണ്ട് സംഭവിച്ചിട്ടുള്ള അബദ്ധങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ട മറ്റൊരു ഉദാഹരണമാണ് പടയാളികളുടെ 'ചീട്ടുകളി'.

ദൈവാത്മാവിന്റെ അഭിഷേകം പ്രയോജനപ്പെടുത്തിക്കൊണ്ട് ഭാഷാപഠനം നടത്തിയിട്ടുള്ളവരെ ദൈവം വലിയ ഭാഷാപണ്ഡിതന്മാരാക്കിത്തീർത്തിട്ടുണ്ട്. മലയാളഭാഷ പഠിക്കുന്നവർക്കു സുപരിചിതനായ ജർമ്മൻമിഷണറിയായിരുന്ന ഹെർമ്മൻ ഗുണ്ടർട്ട് (മലയാളത്തിലെ ആദ്യത്തെ നിഘണ്ടുവും വ്യാകരണപ്പുസ്തകവും രചിച്ച ആൾ) അങ്ങനെയുള്ള ഒരാളായിരുന്നു.

നാല്പതോളം ഭാരതീയ ഭാഷകൾ പഠിക്കുകയും ആ ഭാഷകളിലേക്ക് വേദപുസ്തകവും പൂർണ്ണമായോ ഭാഗികമായോ തർജ്ജമ ചെയ്യുകയും ചെയ്ത വില്യംക്യേറി അങ്ങനെയുള്ള മറ്റൊരാളായിരുന്നു. എന്നാൽ ജ്ഞാനത്തിന്റെയും വെളിപ്പാടിന്റെയും ആത്മാവിന്റെ (എഫെസ്യർ 1:17) അഭിഷേകം പ്രയോജനപ്പെടുത്താതെ അഹംഭാവത്താൽ നിയന്ത്രിക്കപ്പെട്ടുകൊണ്ട് ഭാഷ കൈകാര്യം ചെയ്യുന്നവർക്ക് തങ്ങളുടെ മാതൃഭാഷ പോലും ശരിയായ വിധത്തിൽ ഉച്ചരിക്കാനോ എഴുതാനോ സാധിക്കാതെ പോകുന്നു എന്നതാണ് സത്യം.

'ആഡംബരം' എന്ന വാക്ക് നേരെ ചൊവ്വെ ഉച്ചരിക്കേണ്ടതിനു പകരം പ്രസംഗവേദിയിൽ നിന്നുകൊണ്ട്, 'ആഢംഭരം' എന്നും 'പശ്ചാത്താപം' എന്ന പദം വികലമാക്കിക്കൊണ്ട് 'പാശ്ചാത്താപം' എന്നു ഉച്ചരിക്കുന്നതും, 'പുനരുത്ഥാനം' എന്ന പദം തെറ്റായി 'പുനരുദ്ധാനം' എന്ന് ഉച്ചരിക്കുന്നതും ഒക്കെ പരിശുദ്ധാത്മാഭിഷേകം മുഖേന ലഭിക്കാൻ കഴിയുന്ന ഭാഷാജ്ഞാനം പ്രയോജനപ്പെടുത്താതെ മാതൃഭാഷ വികലമായി ഉച്ചരിക്കുന്നതിന് ഉദാഹരണങ്ങളാണ്.

പരിശുദ്ധാത്മാഭിഷേകം പ്രയോജനപ്പെടുത്താതെ ഭാഷ കൈകാര്യം ചെയ്താൽ പല അബദ്ധങ്ങളും നമുക്ക് പറ്റിപ്പോയെന്നു വരാവുന്നതാണ്. ഒരു (സംഭവ) കഥ ഇതോടുള്ള ബന്ധത്തിൽ പറയുകയാണ്: ഒരാൾ കേരളത്തിലെ ഒരു ബൈബിൾകോളജിൽ പഠിച്ചതിനു ശേഷം അമേരിക്കയിൽ ചെന്ന് ഒരു സെമിനാരിയിൽ ബൈബിൾ പഠിച്ചു. അതു കഴിഞ്ഞ് നാട്ടിൽ തിരിച്ചുവന്നു. അമേരിക്കയിലെ സഭകളിലും ബൈബിൾകോളജുകളിലും വചനം വളരെ ആഴമായി പഠിപ്പിക്കുന്നുണ്ടെന്നും ആ മാതൃക നാമും സ്വീകരിക്കേണ്ടതാണെന്നും അദ്ദേഹം തന്റെ പരിചയത്തിലുള്ള അനേകരോടു പറഞ്ഞു.

ഇങ്ങനെ സംസാരിച്ചപ്പോൾ 'ആഴമായി മനസ്സിലാക്കി നന്നായി വിശദീകരിക്കുക' എന്നർത്ഥം വരുന്ന 'Exposition' എന്ന ഇംഗ്ലീഷ് പദം അദ്ദേഹം ഇടയ്ക്കിടെ ഉപയോഗിക്കുകയും ചെയ്തു. ഇംഗ്ലീഷ് വേണ്ട പോലെ പഠിച്ചിട്ടില്ലാത്ത ഒരാൾ ആ പദത്തിന്റെ മലയാളത്തിലെ അർത്ഥമെന്താണെന്നു അദ്ദേഹത്തോടു ചോദിച്ചപ്പോൾ, "കൃത്യമായ മലയാള പദം എനിക്കറിയില്ല; നിഘണ്ടുവിൽ നോക്കിയിട്ടു പറയാം" എന്നു പറഞ്ഞിട്ട് വീട്ടിൽ ചെന്ന് നിഘണ്ടു എടുത്തു പരിശോധിച്ചു.

നിഘണ്ടു എടുത്തു നോക്കിയപ്പോൾ അല്പം ശ്രദ്ധക്കുറവു പറ്റി. 'Explosion' എന്ന പദം കണ്ടപ്പോൾ അതാണ് താൻ തെരഞ്ഞ പദം എന്നു തെറ്റായി ചിന്തിച്ചുകൊണ്ട് അതിന്റെ അർത്ഥം നോക്കി: അതിന് 'സ്ഫോടനം' എന്ന് അർത്ഥം കൊടുത്തിരിക്കുന്നതായി കണ്ടു. അതിനുശേഷം Exposition എന്ന പദത്തിന്റെ അർത്ഥം ചോദിച്ച ആളിനോട് 'Exposition of the Word of God' എന്ന ഇംഗ്ലീഷിലെ പദപ്രയോഗത്തിന്റെ മലയാള തർജ്ജമ 'വചനസ്ഫോടനം' എന്നാണെന്നു പറഞ്ഞു കൊടുത്തു.

ഇതു കേട്ട ആൾ "നാം വചനപഠനം എന്നല്ല വചനസ്ഫോടനം എന്നാണ് പറയേണ്ടത്" എന്ന് മറ്റു ചിലരോട് പറഞ്ഞു. ഈ 'അറിവ്' അവർ മറ്റു പലരുമായി പങ്കുവച്ചെന്നും 'വചനസ്ഫോടനം' എന്നൊരു അബദ്ധപ്രയോഗം പല ക്രിസ്തീയവിശ്വാസികളുടെയും ഭാഷയിൽ സ്ഥാനം പിടിച്ചിട്ടുണ്ടെന്നുമാണ് ഇപ്പോൾ അറിയുന്നത്. വാസ്തവത്തിൽ ഭാഷാപരമായ ഈ അബദ്ധത്തിന്റെ കാരണമെന്താണ്? ദൈവാത്മാവിന്റെ അഭിഷേകം മുഖാന്തരം ദൈവവചനത്തിലും ഭാഷയിലും മറ്റെല്ലാ കാര്യങ്ങളിലും ദൈവമക്കൾക്ക് നേടിയെടുക്കാൻ കഴിയുന്ന ആഴമേറിയ ജ്ഞാനം സൂക്ഷ്മപഠനത്തിലൂടെ നേടിയെടുക്കാൻ ശ്രമിക്കേണ്ടതിനു പകരം അതിനുള്ള കഴിവിനെ അവഗണിച്ച് ആത്മാഭിഷേകം നിഷ്ഫലമാക്കിക്കളയുന്നതു തന്നെയാണ്.

പരിശുദ്ധാത്മാഭിഷേകത്തിന്റെ ഫലമായി നമുക്കു ലഭിക്കുന്ന ആഴമായ ജ്ഞാനം എല്ലാ കാര്യങ്ങളിലും സമ്പാദിക്കുന്നതിനുള്ള പ്രാപ്തി നാം പ്രയോജനപ്പെടുത്തിയാൽ വലിയ നേട്ടങ്ങൾ നമുക്കു കൈവരിക്കാൻ സാധിക്കുമെന്നും അതു നാം പ്രയോജനപ്പെടുത്താതിരുന്നാൽ നാം പല അബദ്ധങ്ങളിലും ചെന്നുചാടുമെന്നും മേൽ വിവരിച്ച കാര്യങ്ങൾ വ്യക്തമാക്കുന്നു. ശിഷ്യത്വത്തിലേക്ക് ഒരു വിശ്വാസി വളരുമ്പോൾ ആത്മാഭിഷേകത്താൽ അയാൾക്കു ലഭിക്കുന്ന ജ്ഞാനസമ്പാദനത്തിനുള്ള പ്രാപ്തി അയാൾ നന്നായി പ്രയോജനപ്പെടുത്തണം. **(തുടരും)**

# (2) പുതിയനിയമത്തിലൂടെ യാത്രചെയ്യുമ്പോൾ...

## എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

*(പുതിയനിയമം വായിക്കുമ്പോൾ നാം കാണുന്ന മരങ്ങൾ, മലകൾ, മൃഗങ്ങൾ, പക്ഷികൾ എന്നിവയെക്കുറിച്ചുള്ള ഒരു ആസ്വാദനം)*

### ഒന്നാം ഭാഗം: മരങ്ങൾ

1. **കാട്ടത്തി** (ലൂക്കൊസ് 19:4)

കർത്താവായ യേശുവിനെ കാണാൻ ഉയരക്കുറവുള്ള സക്കായി കയറിയ മരമാണ് കാട്ടത്തി. പുതിയനിയമത്തിൽ, സക്കായി കയറിയ ഈ കാട്ടത്തിമരമല്ലാതെ മറ്റൊരു കാട്ടത്തിയെ നാം കാണുന്നില്ല. എന്നു പറഞ്ഞാൽ, കാട്ടത്തി എന്ന മരത്തെക്കുറിച്ച് പുതിയനിയമത്തിലുള്ള ഏകപരാമർശമാണ് ഇത്. 'സിക്കമൂർ മരം' എന്നാണ് കത്തോലിക്കരുടെ തർജ്ജമയായ പി.ഒ.സി. ബൈബിളിലുള്ളത്. KJV, RSV, ASV എന്നിങ്ങനെയുള്ള ഇംഗ്ലീഷ് ബൈബിളുകളിലും, പി.ഒ.സി.യിലേതുപോലെ 'Sycomore tree' എന്നാണ് കൊടുത്തിരിക്കുന്നത്. *(മലയാളം തർജ്ജമയായ സത്യവേദപുസ്തകത്തിൽ കാട്ടത്തി എന്നു കാണുന്ന മറ്റു ഭാഗങ്ങളുണ്ടെങ്കിലും അവിടെയെല്ലാം വ്യത്യസ്ത പദങ്ങളാണ് ഗ്രീക്കിലും ഇംഗ്ലീഷിലും ഉപയോഗിച്ചിട്ടുള്ളത്.)*

അത്തിമരത്തോടു സാമ്യമുള്ളതും എന്നാൽ മൾബറിയുടേതു പോലെ ഇലകളുള്ളതുമായ ഒരു മരമാണത്രേ കാട്ടത്തി. താഴ്ന്നു നിൽക്കുന്ന കൊമ്പുകൾ കാട്ടത്തിയുടെ പ്രത്യേകതയാണത്രേ. 'Sycomore tree' എന്നു ടൈപ്പ് ചെയ്ത് ഗൂഗിളിൽ പരതിയാൽ ഈ കാട്ടത്തിമരത്തിന്റെ കളർചിത്രങ്ങൾ നമുക്കു ലഭിക്കും. ഉയരക്കുറവുള്ള സക്കായിക്ക് പൊത്തിപ്പിടിച്ച് കയറാൻ സൗകര്യപ്രദമായ വിധമുള്ള ഒന്നാണ് കാട്ടത്തിമരം. ഏതായാലും സക്കായി കയറിയ അന്നു മുതലാണ് ഈ കാട്ടത്തി പ്രശസ്തമായത്.

ആരാണ് ഈ സക്കായി? ലൂക്കോസിന്റെ സുവിശേഷത്തിൽ മാത്രം (19:1–10) കാണപ്പെടുന്ന ഒരു കഥാപാത്രമാണ് സക്കായി. അദ്ദേഹം (1) ചുങ്കക്കാരിൽ പ്രമാണിയാണ് 19:2; (2) ധനവാനാണ് 19:2; (3) വളർച്ചയിൽ കുറിയവൻ ആണ് 19:3; (4) മറ്റുള്ളവരുടെ കാഴ്ചപ്പാടിൽ പാപിയായ മനുഷ്യനാണ് 19:7; (5) അബ്രാഹാമിന്റെ മകനാണ് അഥവാ യെഹൂദനാണ് 19:9. 'ചുങ്കക്കാരും പാപികളും' എന്ന പ്രയോഗം ബൈബിളിൽ വളരെ പ്രശസ്തമാണ്. യെഹൂ

ദരെ സംബന്ധിച്ചിടത്തോളം അങ്ങേയറ്റം വെറുക്കപ്പെട്ട ഒരു കൂട്ടമാണ് ചുങ്കക്കാർ. അങ്ങനെയെങ്കിൽ ചുങ്കക്കാരുടെ പ്രമാണിയായ സക്കായിയെ ആ യെഹൂദസമൂഹം എന്തു മാത്രം വെറുക്കുന്നുണ്ടായിരിക്കണം?

എന്നാൽ യേശുവിനെ കാണാനുള്ള സക്കായിയുടെ ആഗ്രഹം അവന്റെ ജീവിതത്തെ മാറ്റിമറിച്ചു. സൂപ്പർസ്റ്റാറുകളെ കാണാൻ നമ്മുടെ യൂത്ത്സ് കാണിക്കുന്ന ആവേശമാണ്, യേശുവിനെ കാണാൻ സക്കായി കാണിച്ചത്. ഇന്നത്തെ യുവാക്കൾ ചിന്തിച്ചുകൊള്ളട്ടെ. കണ്ണിൽ കണ്ടവരെ കണ്ടാൽ പോരാ; കാണേണ്ടവനെ കാണണം. എന്നാൽ ജീവിതം മാറിമറിയും. ജയ് വിളിക്കേണ്ടവന് ജയ് വിളിക്കണം. എന്നാൽ ജീവിതം മനോഹരമാകും. സമൂഹത്തിലെ എല്ലാവരും പുച്ഛത്തോടെ കണ്ടിരുന്ന സക്കായിയുടെ ജീവിതത്തിൽ ഇതാ അപ്രതീക്ഷിതമായ ഒരു ടിസ്റ്റ് ഉണ്ടായിരിക്കുന്നു. യേശുവിനെ കാണാനുള്ള അവന്റെ ആഗ്രഹമാണ് ആ വഴിത്തിരിവിന് കാരണം.

വളർച്ചയിൽ കുറിയവൻ ആയതുകൊണ്ട്, ജനക്കൂട്ടം നിമിത്തം സക്കായിക്ക് യേശുവിനെ കാണാൻ കഴിഞ്ഞില്ല. പുരുഷാരത്തിന്റെ ഇടയിൽ കാലിന്റെ വിരലുകളിൽ ഉയർന്നു നിന്ന്, തൊട്ടടുത്ത് നിൽക്കുന്നവന്റെ തോളിൽ പിടിച്ച്, ഏന്തി വലിഞ്ഞു നോക്കുന്ന സക്കായിയുടെ ചിത്രം നമുക്ക് ഭാവനയിൽ കാണാനാകും. പക്ഷേ സക്കായിക്ക് യേശുവിനെ കാണാൻ കഴിഞ്ഞില്ല. ഉയരക്കുറവ് അവനു ഒരു തടസ്സമായി. ആഗ്രഹിച്ച കാര്യം ഏതു വിധേനയും നടത്താനുള്ള ഇച്ഛാശക്തിയുള്ളവനായിരുന്നു അവൻ. അതുകൊണ്ട് അവൻ മുന്നോട്ട് ഓടി. അവിടെ കണ്ട ഒരു കാട്ടത്തിമേൽ കയറി.

പുരുഷാരത്തിന്റെ ഇടയിൽ ഏന്തി വലിഞ്ഞു നിന്നു എത്തിച്ചു നോക്കുന്ന സക്കായി... മുന്നോട്ട് ഓടുന്ന സക്കായി... കാട്ടത്തിമേൽ പൊത്തിപ്പിടിച്ചു കയറുന്ന സക്കായി... ഓ! അവൻ ആരാണ്? ഒരു വലിയ ഉദ്യോഗസ്ഥനാണ് താൻ എന്ന കാര്യം അവൻ മറന്നുപോയോ? ഉത്സവം കാണാൻ വന്ന ജനക്കൂട്ടത്തിലെ ചിലർ മരത്തിൽ കയറി കാഴ്ച കാണുന്നത് സ്വാഭാവികം. പക്ഷേ അക്കൂട്ടത്തിൽ ഒരു സമുന്നതനായ ഉദ്യോഗസ്ഥൻ ഉണ്ടാവുക വിരളമല്ലേ? യേശുവിനെ കാണാനുള്ള തന്റെ വ്യഗ്രതയിൽ, താൻ ഒരു ഉന്നത ഉദ്യോഗസ്ഥനാണ് എന്ന കാര്യം സക്കായി മറന്നുപോയി! യേശുവിന്റെ മുമ്പിൽ സ്വന്തം ഔന്നത്യം മറന്നിടത്ത് നിന്നാണ് സക്കായിയുടെ ജീവിതത്തിലെ വിജയക്കുതിപ്പിന്റെ തുടക്കമെന്നു പറയാം.

കർത്താവിന്റെ മുമ്പിൽ നമ്മുടെ സൗന്ദര്യം, വിദ്യാഭ്യാസം, സമൂഹത്തിലെ സ്ഥാനം ഇതെല്ലാം മറക്കുവാൻ ഓരോ വിശ്വാസിയും തയ്യാറാകട്ടെ. നിങ്ങൾ ചിലപ്പോൾ ഒരു സ്ഥാപനത്തിന്റെ എം.ഡി. ആയിരിക്കാം. അല്ലെങ്കിൽ ഒരു കോളജിന്റെ പ്രിൻസിപ്പൽ ആയിരിക്കാം. അതുമല്ലെങ്കിൽ ഒരു ജഡ്ജി ആയിരിക്കാം. പക്ഷേ ദൈവമുമ്പാകെ വരുമ്പോൾ ഇതൊന്നും ഒരു യോഗ്യതയേ അല്ല. ഇതെല്ലാം മറക്കണം. എന്തുകൊണ്ടെന്നാൽ, മൂപ്പന്മാർ കിരീടങ്ങൾ

താഴെയിട്ട് ആരാധിക്കുന്ന ദൈവമാണ് നമുക്കുള്ളത് (വെളിപ്പാട് 4:11). കെരൂബുകൾ മുഖം മറച്ചുപിടിച്ച് ആരാധിക്കുന്ന ദൈവമാണ് നമുക്കുള്ളത് (യെശയ്യാവ് 6:2). സക്കായിയെപ്പോലെ സ്വന്തം മഹത്വം കർത്താവിന്റെ മുമ്പിൽ മറക്കാൻ ഇടയായാൽ എത്ര നന്ന്!

കാട്ടത്തിയുടെ സമീപം എത്തിയ കർത്താവ് മുകളിലേക്ക് നോക്കി സക്കായിയെ പേർ ചൊല്ലി വിളിച്ചു. എത്ര വൈകാരികമായ ഒരു രംഗമാണത്! ഏന്തിവലിഞ്ഞു നോക്കിയ സക്കായി, മുന്നോട്ട് ഓടിയ സക്കായി, കാട്ടത്തിമേൽ മെനക്കെട്ട് കയറിയ സക്കായി... എല്ലാം കർത്താവ് കാണുന്നുണ്ടായിരുന്നു. കർത്താവിനെ കാണുന്നതിനായി അവന്റെ ഹൃദയത്തിൽ നിറഞ്ഞു പരന്നൊഴുകിയ തീവ്രമായ വാഞ്ഛ മറ്റാരും മനസ്സിലാക്കിയില്ലെങ്കിലും കർത്താവ് മനസ്സിലാക്കി. നമ്മുടെ ആഗ്രഹങ്ങൾ അറിയുന്നവനാണ് കർത്താവ്. നമ്മെ പേർ ചൊല്ലി വിളിക്കുന്നവനാണ് കർത്താവ്.

നമുക്ക് ആ കാട്ടത്തിമരത്തെ ഒന്നു സൂക്ഷിച്ചുനോക്കാം. ആ കാട്ടത്തിമേൽ അള്ളിപ്പിടിച്ചു കയറുന്ന സക്കായിയെ കാണുന്നില്ലേ? തന്റെ വലിയ പദവി മറന്ന് അപ്രകാരം ചെയ്യുന്ന സക്കായിയെ കണ്ട് മൂക്കത്ത് വിരൽ വയ്ക്കുന്ന ചിലരെ കാണുന്നില്ലേ? കർത്താവ് ആ കാട്ടത്തിയുടെ ചുവട്ടിലെത്തി, സക്കായിയെ വിളിക്കുന്നത് കാണുന്നില്ലേ? സക്കായി യേശുവിനെ സന്തോഷത്തോടെ സ്വീകരിച്ചു (ലൂക്കൊസ് 19:6) അങ്ങനെ അവൻ പുതിയൊരു മനുഷ്യനായി മാറി. പുതിയ തീരുമാനങ്ങൾ എടുത്തു. ദരിദ്രരെക്കുറിച്ച് ചിന്തയുള്ളവനായി (19:8). ചെയ്തുകൂട്ടിയ കാര്യങ്ങളിൽ ഇന്നലെ വരെ ശരിയെന്നു കരുതിയ പല കാര്യങ്ങളും തെറ്റായിരുന്നുവെന്നു മനസ്സിലായി. അതു തിരുത്താൻ അവൻ തയ്യാറായി (19:8).

ഈ കാട്ടത്തി നമുക്കു നൽകുന്ന പാഠമെന്താണ്? പാപിയെ സ്നേഹിക്കുന്നവനാണ് ദൈവം! "കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നത്" (19:10). നാം ഏത് അവസ്ഥയിലായിരുന്നാലും നമ്മെ തിരയുവാനും കണ്ടെത്തുവാനും രക്ഷിക്കുവാനും വീണ്ടെടുക്കുവാനും നമുക്കൊരു രക്ഷകനുണ്ട്. ദൈവത്തിനു സ്തോത്രം.

(തുടരും)

**പല വായനക്കാരും അവരുടെ പ്രതികരണങ്ങൾ കത്തുമൂലം എഴുതി അറിയിക്കുന്നതായി പറയാറുണ്ട്. പക്ഷേ, നിർഭാഗ്യവശാൽ പല കത്തുകളും ഇവിടെ ലഭിക്കാറില്ല. എന്നാൽ വാട്ട്സാപ്പ്, എസ്എംഎസ്, ഇമെയിൽ എന്നീ രീതികളിൽ പ്രതികരണങ്ങൾ അയച്ചാൽ അതു നഷ്ടപ്പെടാതെ ഞങ്ങൾക്ക് വായിക്കാൻ കഴിയും. കഴിയുമെങ്കിൽ അങ്ങനെ ചെയ്യുമല്ലോ. ഇവിടെ ലഭിക്കുന്ന പ്രതികരണങ്ങൾ എല്ലാം പ്രസിദ്ധീകരിക്കുവാൻ ഞങ്ങൾ പരമാവധി ശ്രമിക്കുന്നതാണ് (എഡിറ്റർ)**

# പരിശുദ്ധാത്മാവ്

20

എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

## അന്യഭാഷ (തുടർച്ച)

### അന്യഭാഷ - അപ്പൊസ്തലപ്രവൃത്തികൾ 10-ാം അദ്ധ്യായത്തിൽ

"അവർ അന്യഭാഷകളിൽ സംസാരിക്കുന്നതും ദൈവത്തെ മഹത്വീകരിക്കുന്നതും കേൾക്കയാൽ പത്രൊസിനോടുകൂടെ വന്ന പരിച്ഛേദനക്കാരായ വിശ്വാസികൾ പരിശുദ്ധാത്മാവ് എന്ന ദാനം ജാതികളുടെ മേലും പകർന്നത് കണ്ട് വിസ്മയിച്ചു. നമ്മെപ്പോലെ പരിശുദ്ധാത്മാവ് ലഭിച്ച ഇവരെ സ്നാനം കഴിപ്പിച്ചു കൂടാതവണ്ണം വെള്ളം വിലക്കുവാൻ ആർക്കു കഴിയും എന്നു പറഞ്ഞു" (10:45-47)

അപ്പൊസ്തലപ്രവൃത്തികൾ രണ്ടാം അദ്ധ്യായത്തിൽ അന്യഭാഷകൊണ്ടു ഉണ്ടായ പ്രയോജനം, വിവിധ ഭാഷക്കാരോട് സുവിശേഷം പറയാൻ കഴിഞ്ഞു എന്നുള്ളതാണല്ലോ. എന്നാൽ പത്താം അദ്ധ്യായത്തിൽ, അന്യഭാഷകൊണ്ട് ഉണ്ടായ പ്രയോജനം, പരിച്ഛേദനക്കാരായ വിശ്വാസികളുടെ ബോധവത്കരണമായിരുന്നു എന്നു സന്ദർഭത്തിൽനിന്നും മനസ്സിലാക്കാം.

ജാതികളിൽ നിന്നും ആദ്യമായി വിശ്വാസത്തിലേക്ക് വരുന്നതാണ് ആ സന്ദർഭം. അവരെ സ്നാനം കഴിപ്പിക്കുന്നതിനോട് യെഹൂദന്മാരിൽ നിന്നും വിശ്വാസികളായവർക്ക് (പരിഛേദനക്കാർക്ക്) യോജിപ്പുണ്ടായിരുന്നില്ല. എന്നാൽ പരിശുദ്ധാത്മാവ് അവരുടെ മേലും പകർന്നതു കണ്ടപ്പോൾ പരിഛേദനക്കാർ വിസ്മയിച്ചു. അദൃശ്യനായ പരിശുദ്ധാത്മാവ് അവരുടെ മേൽ പകർന്നത് പരിഛേദനക്കാരായ വിശ്വാസികൾക്ക് കാണാൻ എങ്ങനെ കഴിഞ്ഞു? "അവർ അന്യഭാഷകളിൽ സംസാരിക്കുന്നതും ദൈവത്തെ മഹത്വീകരിക്കുന്നതും കേൾക്കയാൽ..." ആണ് അവർക്ക് അത് മനസ്സിലാക്കാൻ കഴിഞ്ഞത്.

ഒരു പ്രത്യേക സന്ദർഭത്തിൽ ദൈവം ക്രമീകരിച്ച ഒറ്റപ്പെട്ട ഒരു സംഭവമാണിത്. മറ്റെങ്ങും ഇതു പോലുള്ള കാര്യം ഉണ്ടായിട്ടില്ല. ഇതിന്റെ അടിസ്ഥാനത്തിൽ അന്യഭാഷയെക്കുറിച്ചുള്ള ഉപദേശം മെനയാൻ മിനക്കെട്ടാൽ, സ്നാനപ്പെടുന്നതിനു മുമ്പ് അന്യഭാഷ പറഞ്ഞിരിക്കണം എന്ന തെറ്റായ നിഗമനത്തിൽ നാം എത്തിച്ചേരേണ്ടി വരും. അന്യഭാഷയുടെ അവിടത്തെ ഉദ്ദേശ്യം മനസ്സിലാക്കുക-തെറ്റിദ്ധാരണ നീക്കുക എന്നതായിരുന്നു അവിടത്തെ ഉദ്ദേശ്യം.

## അന്യഭാഷ - അപ്പൊസ്തലപ്രവൃത്തികൾ 19-ാം അദ്ധ്യായത്തിൽ

"ഇതു കേട്ടപ്പോൾ അവർ കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാനം ഏറ്റു; പൗലൊസ് അവരുടെ മേൽ കൈ വെച്ചപ്പോൾ പരിശുദ്ധാത്മാവ് അവരുടെ മേൽ വന്നു അവർ അന്യഭാഷകളിൽ സംസാരിക്കയും പ്രവചിക്കയും ചെയ്തു" (19:5,6)

യോഹന്നാന്റെ സ്നാനം ഏറ്റ 12 പേരാണ് ഈ രംഗത്തുള്ളത്. അവർ പരിശുദ്ധാത്മാവ് ഉണ്ട് എന്നു പോലും കേട്ടിട്ടുള്ളവരല്ല (16:2). കാരണം അവർ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം ഏറ്റവരല്ല. അവർ യേശുവിൽ വിശ്വസിക്കയും സ്നാനം ഏൽക്കയും വേണം എന്നു പൗലൊസ് അവരോടു പറഞ്ഞു. അത് കേട്ടപ്പോൾ അവർ സ്നാനപ്പെടുകയും ചെയ്തു. തുടർന്ന് പൗലൊസ് അവരുടെ മേൽ കൈവെച്ചപ്പോൾ അവരുടെ മേൽ പരിശുദ്ധാത്മാവ് വരികയും അവർ അന്യഭാഷകളിൽ സംസാരിക്കുകയും ചെയ്തു.

ഈ കൈവെപ്പ് 2, 10 എന്നീ അദ്ധ്യായങ്ങളിലെ സംഭവങ്ങളിൽ ഇല്ല. പരിശുദ്ധാത്മാവ് ഉണ്ടെന്നു പോലും കേൾക്കാത്ത ഇവരുടെ കാര്യത്തിൽ സംഭവിച്ച കൈവെപ്പും, പരിശുദ്ധാത്മവരവും, അന്യഭാഷയും എല്ലാം ഒരു ഒറ്റപ്പെട്ട സംഭവമാണ്. അതുകൊണ്ടാണ് മറ്റുള്ളിടത്ത് ഇതുപോലെ നാം കാണാത്തത്. യോഹന്നാന്റെ സ്നാനം ഏറ്റവർ യേശുവിൽ വിശ്വസിച്ച് സ്നാനമേൽക്കുന്ന സന്ദർഭമാണിത്. പൗലൊസിന്റെ കൈവെപ്പും അന്നേരമുള്ള പരിശുദ്ധാത്മവരവും പൗലൊസ് പറഞ്ഞ സുവിശേഷത്തിന്റെ ആധികാരികതയിൽ ആ 12 പേരിൽ ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ അതു ദൂരീകരിക്കാൻ സഹായിക്കും.

അപ്പൊസ്തലപ്രവൃത്തികളിൽ ആകെ മൂന്നു അദ്ധ്യായങ്ങളിലാണ് (2,10,19) അന്യഭാഷയെക്കുറിച്ച് പറയുന്നത് എന്നു നേരത്തെ എഴുതിയതാണല്ലോ. മൂന്നും മൂന്നു വ്യത്യസ്ത സന്ദർഭങ്ങളാണ്. അന്യഭാഷ പറഞ്ഞതിന് മൂന്നിടത്തും മൂന്നു വ്യത്യസ്ത ഉദ്ദേശ്യങ്ങളും ഉണ്ടായിരുന്നു.

**അപ്പൊ.പ്രവൃ.2:** പരിശുദ്ധാത്മാവ് യേശുവിന്റെ നിലവിലുള്ള ശിഷ്യന്മാരുടെ മേൽ ആദ്യമായി വരുന്ന സന്ദർഭം. അദൃശ്യമായ പരിശുദ്ധാത്മാവ് വന്നു എന്നതിന്റെ ലക്ഷണമായി അവർ അന്യഭാഷ പറഞ്ഞു. യെഹൂദപശ്ചാത്തലത്തിലിൽ നിന്നും മുന്നോട്ടു വന്നവരാണ് അവർ. **അപ്പൊ.പ്രവൃ.10:** ജാതികളിൽ നിന്നും മുന്നോട്ടു വരുന്നവരുടെ മേൽ ആദ്യമായി പരുശുദ്ധാത്മാവ് പകരപ്പെടുന്ന സന്ദർഭമാണിത്. **അപ്പൊ.പ്രവൃ.19:** യോഹന്നാന്റെ ശിഷ്യന്മാരുടെ മേൽ ആദ്യമായി പരിശുദ്ധാത്മാവ് പകരപ്പെടുന്ന സന്ദർഭമാണിത്.

അങ്ങനെ മൂന്നിടത്തും, ഓരോ പ്രത്യേക സാഹചര്യത്തിൽ, ആദ്യമായി പരിശുദ്ധാത്മാവ് പകരപ്പെടുന്ന സന്ദർഭമാണ്. **(തുടരും)**

# യോവേൽ (പുസ്തകപഠനം)

10

## എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

**യോവേൽ 2:9,10**

**"അവർ പട്ടണത്തിൽ ചാടിക്കടക്കുന്നു; മതിലിന്മേൽ ഓടുന്നു; വീടുകളിന്മേൽ കയറുന്നു; കള്ളനെപ്പോലെ കിളിവാതിലുകളിൽക്കൂടി കടക്കുന്നു. അവരുടെ മുമ്പിൽ ഭൂമി കുലുങ്ങുന്നു; ആകാശം നടുങ്ങുന്നു; സൂര്യനും ചന്ദ്രനും ഇരുണ്ടുപോകുന്നു; നക്ഷത്രങ്ങൾ പ്രകാശം നൽകാതിരിക്കുന്നു"**

വെട്ടുകിളികളുടെ ആക്രമണം സംബന്ധിച്ചുള്ള വർണ്ണന ഈ വാക്യങ്ങളിലും പ്രവാചകനായ യോവേൽ തുടരുന്നു. വെട്ടുകിളികൾ ചെറിയ ജീവികളാണെങ്കിലും, അവയ്ക്കു രാജാവില്ലെങ്കിലും അവയുടെ സംഘം ചേർന്നുള്ള ആക്രമണം അതിശക്തമാണ്. അതിന്റെ തീവ്രത വെളിപ്പെടുത്താനായി "ഭൂമി കുലുങ്ങുന്നു, ആകാശം നടുങ്ങുന്നു" എന്നിങ്ങനെയുള്ള പദപ്രയോഗങ്ങൾ പ്രവാചകൻ നടത്തുന്നു. മാത്രമല്ല, അസംഖ്യം വെട്ടുകിളികൾ പറന്നിറങ്ങുമ്പോൾ സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും ഇരുണ്ടുപോകുന്നു; കാർമേഘം സൂര്യനെ മറയ്ക്കുന്നതുപോലെ!

കൃഷിസ്ഥലത്ത് പന്നി, മയിൽ, കാക്ക, പ്രാവ് എന്നിവ വരുത്തുന്ന നാശനഷ്ടങ്ങൾ പോലെയല്ല, വെട്ടുകിളി വരുത്തുന്നത്. പന്നിയുടെയും മയിലിന്റെയും ഒക്കെ കാര്യത്തിൽ ഒച്ചയും ബഹളവും ഉണ്ടാക്കിയോ മറ്റു മാർഗ്ഗങ്ങൾ ഉപയോഗിച്ചോ കൃഷിനാശം കുറച്ചൊക്കെ തടയാനാകും. എന്നാൽ വെട്ടുകിളിയുടെ ആക്രമണം ഇതിൽനിന്നെല്ലാം വ്യത്യസ്തമാണ്. സമ്പൂർണ്ണമായും ഇല്ലാതാക്കിയേ അവർ മടങ്ങുകയുള്ളൂ. നന്ദിയില്ലാത്ത ദൈവജനത്തെ ശിക്ഷിക്കുന്നതിന്റെ ഭാഗമായി ദൈവം വെട്ടുകിളിയെത്തന്നെ അയയ്ക്കുന്നത് അതുകൊണ്ടാണ്.

**യോവേൽ 2:11**

**"യഹോവ തന്റെ സൈന്യത്തിനു മുമ്പിൽ മേഘനാദം കേൾപ്പിക്കുന്നു; അവന്റെ പാളയം അത്യന്തം വലുതും അവന്റെ വചനം അനുഷ്ഠിക്കുന്നവൻ ശക്തിയുള്ളവനും തന്നേ; യഹോവയുടെ ദിവസം വലുതും അതിഭയങ്കരവുമാകുന്നു; അതു സഹിക്കാകുന്നവൻ ആർ?"**

വെട്ടുകിളികളാകുന്ന തന്റെ സൈന്യത്തിനു മുമ്പിൽ യഹോവ മേഘനാദം

കേൾപ്പിച്ച് അവരെ നയിക്കുന്നു. യഹോവയുടെ നിയന്ത്രണത്തിൽ അവ വരുന്നതുകൊണ്ട് അവ ശക്തിയുള്ളവയാണ്. അന്നേ ദിവസം അവ വരുത്തുന്ന നാശനഷ്ടങ്ങളുടെ മുമ്പിൽ ആർക്കും നിൽക്കാവതല്ല. സാക്ഷാൽ ദൈവം ശത്രുവായിത്തീർന്നാൽ, പിന്നെ ആർക്കു പിടിച്ചു നിൽക്കാനാകും?

ക്ഷമിച്ചു മടുത്ത ദൈവം ഒടുവിൽ ശിക്ഷിക്കാനായി വരുന്ന ഒരു ദിവസമുണ്ട് - യഹോവയുടെ ദിവസം! അന്ന്, ആ ക്രോധം പകരുന്ന ദിവസത്തിൽ, ആർക്കും പിടിച്ചുനിൽക്കാനാവില്ല. "അതു സഹിക്കാകുന്നവൻ ആർ?" എന്നാണ് പ്രവാചകൻ ചോദിക്കുന്നത്. അതുകൊണ്ട് നാം നമ്മെത്തന്നെ പരിശോധിക്കുക. വീഴ്ചകൾ വന്നിട്ടുള്ള മേഖലകൾ തിരിച്ചറിയുക; തിരുത്തുക. ഇത്ര കാലം ദൈവം നമ്മോടു ദീർഘക്ഷമ കാണിച്ചതിനു നന്ദി പറയുക.

**യോവേൽ 2:12**

**"എന്നാൽ ഇപ്പോഴെങ്കിലും നിങ്ങൾ പൂർണ്ണഹൃദയത്തോടും ഉപവാസത്തോടും കരച്ചലോടും വിലാപത്തോടുംകൂടെ എങ്കലേക്കു തിരിവിൻ എന്നു യഹോവയുടെ അരുളപ്പാട്"**

നമ്മുടെ ജീവിതത്തിൽ ദൈവം വരുത്തുന്ന മുറിവുകൾ നമ്മോടുള്ള വൈരാഗ്യം നിമിത്തമല്ല; നാം നന്നാകേണ്ടതിനാണ്. വലിയ ദൈവകോപത്തിലൂടെ നാം കടന്നുപോകുന്ന സാഹചര്യം നമുക്കുണ്ടായാൽ നാം ഇത് ഓർക്കണം. പൂർണ്ണഹൃദയത്തോടും കരച്ചലോടും വിലാപത്തോടും കൂടെ ദൈവത്തിങ്കലേക്ക് തിരിഞ്ഞാൽ തീരാവുന്നതേയുള്ളൂ എല്ലാ പ്രശ്നങ്ങളും.

"ഇപ്പോഴെങ്കിലും" എന്നു പറയുന്നത് കണ്ടില്ലേ? നമ്മെ ശിക്ഷിക്കുമ്പോഴും നമ്മുടെ മടങ്ങിവരവ് ആഗ്രഹിക്കുന്നവനാണ് ദൈവം. "എങ്കലേക്ക് തിരിവിൻ" എന്ന ആഹ്വാനം നാം ശ്രദ്ധിക്കുക. നമ്മുടെ ജീവിതത്തിലെ പല പ്രശ്നങ്ങൾക്കും കാരണം നാം ദൈവത്തിൽനിന്നും അകലുന്നതാണ് (തിരിയുന്നതാണ്). പ്രശ്നങ്ങൾ ആരംഭിച്ചാൽ ഉടനെ നാം ദൈവത്തിൽനിന്നും തിരിഞ്ഞ അവസ്ഥയിലാണോ എന്നു ചിന്തിക്കണം. ആണെങ്കിൽ നാം വേഗം യഥാസ്ഥാനപ്പെടണം.

ഓർക്കുക: ദൈവം നമ്മെ ശിക്ഷിക്കുന്നത് നമ്മെ നശിപ്പിക്കാൻ വേണ്ടിയല്ല, മടക്കിവരുത്താൻ വേണ്ടിയാണ്. ദൈവം ശിക്ഷിക്കുന്നത് നമ്മോടുള്ള വൈരാഗ്യം നിമിത്തമല്ല, സ്നേഹം നിമിത്തമാണ്. ദൈവം ശിക്ഷിക്കുന്നത് ദൈവം ദുഷ്ടനായതുകൊണ്ടല്ല, നീതിമാനായതുകൊണ്ടാണ്. ദൈവം ശിക്ഷിക്കുന്നത് നമുക്ക് നഷ്ടം വരുത്താനല്ല, അനുഗ്രഹം വരുത്താനാണ്. ഈ സത്യങ്ങൾ തിരിച്ചറിഞ്ഞ്, ദൈവികശിക്ഷകളോട് അനുകൂലമായി പ്രതികരിക്കാൻ നമുക്ക് ഇടയാകണം. പൂർണ്ണഹൃദയത്തോടെ നാം മടങ്ങിച്ചെല്ലണം-നമ്മുടെ തെറ്റ് ഏതായാലും ദൈവം ക്ഷമിക്കും.

**(തുടരും)**

# കൊച്ചുണ്ണിയുടെ ബൈബിൾവായന

## എംവിഎസ്

14

# കാരാഗൃഹലേഖനങ്ങൾ നാലോ അതോ അഞ്ചോ?

ബൈബിൾവായനയിൽ ബ്രദർ കൊച്ചുണ്ണി യാതൊരു വീഴ്ചയും വരുത്താറില്ല. പക്ഷേ കാര്യങ്ങൾ മനസ്സിലാക്കുന്നതിൽ പലപ്പോഴും വീഴ്ച സംഭവിക്കുന്നു എന്നു മാത്രം.

“മൂപ്പൻ കഴിഞ്ഞയാഴ്ച പ്രസംഗിച്ചപ്പോൾ കാരാഗൃഹലേഖനങ്ങൾ അഞ്ചെണ്ണം എന്നു പറഞ്ഞത് ശുദ്ധ വിഡ്ഢിത്തമാണ്. മൂപ്പൻ അപ്പൊ കമന്ററികളൊന്നും വായിക്കാറില്ലേ?”

ബ്രദർ കൊച്ചുണ്ണി മൂപ്പനോട് ചോദിച്ചു. പക്ഷേ ഇട്ടിയപ്പച്ചൻ അപ്പോഴേക്കും ഇടയിൽ കയറി പറഞ്ഞു:

“ന്റെ കൊച്ചുണ്ണ്യേ, കാരാഗൃഹലേഖനങ്ങൾ എന്നു വച്ചാൽ എന്താന്ന് നെനക്കറിയ്യോ?”

“പിന്നെ?” കൊച്ചുണ്ണിക്ക് വലിയ ആവേശം. ‘‘അപ്പൊസ്തലനായ പൗലൊസ് ജയിലിൽ ഇരുന്ന് എഴുതിയ ലേഖനങ്ങളാണ് കാരാഗൃഹലേഖനങ്ങൾ. പക്ഷേ അത് നാലെണ്ണമേയുള്ളൂ. മൂപ്പൻ അത് അഞ്ചെണ്ണം എന്നു പറഞ്ഞതാണ് കുഴപ്പമായത്.” കൊച്ചുണ്ണിയുടെ വിശദീകരണം.

“ബ്രദറിന്റെ അഭിപ്രായത്തിൽ ഏതെല്ലാമാണ് ആ നാലു കാരാഗൃഹലേഖനങ്ങൾ?” മൂപ്പൻ കൊച്ചുണ്ണിയോട് ചോദിച്ചു.

“**ഫിലിപ്പിയർ, കൊലോസ്യർ, എഫെസ്യർ, ഫിലേമോൻ** എന്നിവയാണ് 4 കാരാഗൃഹലേഖനങ്ങൾ”

“തെളിവുണ്ടോ കൊച്ചുണ്ണ്യേ?” ഇട്ടിയപ്പച്ചൻ വെല്ലുവിളിക്കുന്നപോലെ ചോദിച്ചു.

“ഉണ്ട്.” കൊച്ചുണ്ണി ബൈബിൾ നിവർത്തി. “ഫിലിപ്പിയർ 1:13,14 ലും കൊലൊസ്യർ 4:18 ലും എന്റെ ബന്ധനങ്ങൾ എന്നു പൗലൊസ് എഴുതിയിട്ടുണ്ട്. എഫെസ്യർ 4:1 ൽ ബദ്ധനായിരിക്കുന്ന ഞാൻ എന്നു കാണുന്നു. ഫിലേമോൻ 1:10,13 ൽ സുവിശേഷം നിമിത്തമുള്ള തടവിനെക്കുറിച്ച് എഴുതിയിരിക്കുന്നു. ഇതിൽ നിന്ന് ഈ നാലു ലേഖനങ്ങളും കാരാഗൃഹലേഖനങ്ങളാണ് എന്നു മനസ്സിലാക്കാം.”

“ഇതു ശരിയല്ലേ മൂപ്പാ?” ഇട്ടിയപ്പച്ചൻ മൂപ്പനോടു ചോദിച്ചു.

“വളരെ ശരിയാണ്. അതു നാലും കാരാഗൃഹലേഖനങ്ങളാണ്.” മൂപ്പൻ സമ്മതിച്ചു

“പിന്നെ എന്തുകൊണ്ടാണ് കാരാഗൃഹലേഖനങ്ങൾ അഞ്ച് എന്നു

മൂപ്പൻ പ്രസംഗിച്ചത്?" കൊച്ചുണ്ണി തന്റെ സംശയം വിടാൻ ഉദ്ദേശമില്ല.

"ബ്രദറേ..." മൂപ്പൻ മറുപടി പറയാനായി ആരംഭിച്ചു. "...ആ നാലു ലേഖനങ്ങളും കാരാഗൃഹലേഖനങ്ങളാണ് എന്നു പറയാൻ തെളിവുവാക്യങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ **തിമൊഥെയൊസിനു എഴുതിയ രണ്ടാം ലേഖന**ത്തിനും അത് കാരാഗൃഹത്തിൽ ഇരുന്ന് എഴുതിയതാണെന്നതിന് തെളിവുണ്ട്."

"ഉണ്ടോ? എവിടെ? ഇന്നാ ബൈബിള്... തെളിവ്വാക്യം കാണിക്ക്..." കൊച്ചുണ്ണി വലിയ ആത്മവിശ്വാസത്തിലാണെന്നു തോന്നുന്നു.

"തെളിവുണ്ട്. 2 തിമൊഥെയൊസ് 1:17 ഉം 2:9 ഉം വായിക്കൂ. 2:9 ൽ നാം വായിക്കുന്നത് ഇപ്രകാരമാണ്: അത് അറിയിക്കുന്നതിൽ ഞാൻ ദുഷ്പ്രവൃത്തിക്കാരൻ എന്ന പോലെ ചങ്ങല ധരിച്ചു കഷ്ടം സഹിക്കുന്നു. ദൈവചനത്തിനോ ബന്ധനം ഇല്ല."

"ഇപ്പൊ മനസ്സിലായോ? 2 തിമൊഥെയൊസ് ഒരു കാരാഗൃഹലേഖനങ്ങളാണ്"

"അപ്പൊ എല്ലാ ബൈബിൾകോളജുകളും വ്യാഖ്യാനഗ്രന്ഥങ്ങളും നാലു കാരാഗൃഹലേഖനങ്ങളേ ഉള്ളൂ എന്നാണല്ലോ പറയുന്നത്?" കൊച്ചുണ്ണി ചോദിച്ചു.

"അതിനെക്കുറിച്ച് എനിക്കറിയില്ല. ഞാൻ ഒരു ബൈബിൾകോളജിലും പഠിച്ചിട്ടില്ല. ബൈബിളിലെ വാക്യങ്ങളുടെ അടിസ്ഥാനത്തിലാണ് അഞ്ചു കാരാഗൃഹലേഖനങ്ങളുണ്ട് എന്നു ഞാൻ പ്രസംഗിച്ചത്." മൂപ്പൻ തന്റെ ഭാഗം വ്യക്തമാക്കി.

"എന്നാൽ ഞാൻ ബൈബിൾകോളജിൽ പഠിപ്പിക്കുന്നവരോട് ചോദിക്കട്ടെ?" കിട്ടുണ്ണി ചോദിച്ചു

"ആയിക്കൊള്ളട്ടെ. ചോദിക്കൂ" മൂപ്പന്റെ മറുപടി.

ഇട്ടിയപ്പച്ചൻ പ്രതികരിച്ചത് ഇപ്രകാരമായിരുന്നു: "കൊച്ചുണ്ണ്യേ, ബൈബിൾകോളജുകാര് ഛർദ്ദിക്കുന്നത് വെറുതെ കോരി ഇങ്ങോട്ട് വരരുത്. തെളിവ് വാക്യം ഉണ്ടാകണം, കേട്ടോ?"

ഇട്ടിയപ്പച്ചന്റെ ആ വാക്കുകൾ കൊച്ചുണ്ണിക്ക് ഇഷ്ടപ്പെട്ടില്ല. നമുക്കു കാണാം എന്ന മുഖഭാവത്തിൽ കൊച്ചുണ്ണി ഇറങ്ങി നടന്നു. ഇട്ടിയപ്പച്ചൻ വിട്ടില്ല.

"കൊച്ചുണ്ണ്യേ, ബൈബിള്കോളജുകാരോട് പറയണം, വെറുതെ ഞഞ്ഞാപിഞ്ഞാ തെളിവുകൾ ആവരുതെന്ന്. വ്യക്തമായ ബൈബിൾവാക്യങ്ങൾ തെളിവായി കാണിക്കണം"

അതിനും ബ്രദർ കൊച്ചുണ്ണി പ്രതികരിച്ചില്ല. തിരിഞ്ഞു നോക്കിയതുമില്ല.

"മൂപ്പാ, ബൈബിള്കോളജുകാരെ ഞാനും ഇനി തെളിവു കാണിക്കോ?" ഇട്ടിയപ്പച്ചന് സംശയം.

"അവര് തെളിവ് കാണിക്കട്ടെ. തെളിവായി ബൈബിൾവാക്യങ്ങൾ കാണിച്ചാൽ നമുക്ക് അംഗീകരിക്കാമല്ലോ." മൂപ്പൻ ചിരിച്ചുകൊണ്ട് പറഞ്ഞു.

# ഓന്ത്

ചെറുകഥ

## എംവിഎസ്

കേശവേട്ടന്റെ ചായക്കട

ചൂടുള്ള ചായ, ചൂടുള്ള വട, ചൂടുള്ള ചർച്ച...

"ന്നാലും, ആ വെറ്റിനറി ഡോട്ടറ്... കഷ്ടം... നാലു തെമ്മാടികൾ ചേർന്ന്.... അവനെയൊക്കെ കയ്യും കാലും മൂക്കും ചെത്തിക്കളഞ്ഞ് വെടി വെച്ചു കൊല്ലണം"

നാണുവേട്ടന് അരിശം സഹിക്കാൻ പറ്റുന്നില്ല.

"ഈ നാട് നന്നാവൂല നാണുവേട്ടാ, നന്നാവൂല"

പൊറിഞ്ചേട്ടൻ ദീർഘനിശ്വാസം വിട്ടു.

"ഒക്കേത്തിനേം വെടിവെച്ചു കൊല്ലണം ന്നാ ന്റെ അഭിപ്രായം" കേശവേട്ടൻ ചായ കൊണ്ടു വന്നു വച്ചിട്ട് പറഞ്ഞു"

"എനിക്ക് വയസ്സായിപ്പോയി. അല്ലെങ്കിൽ കാണാമായിരുന്നു. ഞാൻ ഇന്നു തന്നെ ഹൈദരാബാദിലേക്ക് വണ്ടി കയറി, ആ നാലെണ്ണത്തിനേം പട്ടികക്കൊലെടുത്ത് പട്ടീനെ തല്ലിക്കൊല്ലണ പോലെ പ്ഠേ എന്നാഞ്ഞു തല്ലി, അവന്റെയൊക്കെ..."

നാണുവേട്ടന് പൂർത്തീകരിക്കാനായില്ല. ഇത്രയും പറഞ്ഞപ്പോഴേക്കും ആളു കിതച്ചു.. ചുമച്ചു... ചായക്കടയിലെ ബഞ്ചിൽ കൂനിയിരുന്നു.

"നിങ്ങള് അടങ്ങ് നാണുവേട്ടാ... എല്ലാറ്റിനും കണക്കു ബോധിപ്പിക്കേണ്ട ഒരു ദിവസം വരും"

പെന്തെക്കോസ്തുകാരനായ ദേവസ്യേട്ടനാണ് ഇത് പറഞ്ഞത്. വാസ്തവത്തിൽ ദേവസ്യേട്ടൻ പെന്തക്കോസ്തുകാരനല്ല. പക്ഷേ അന്നാട്ടിൽ പള്ളിയിൽ പോകാത്ത ക്രിസ്ത്യാനികളെല്ലാം പെന്തെക്കോസ്തുകാരനാണ്.

താൻ പെന്തെക്കോസ്തുകാരനല്ലെന്നും പ്രാദേശികസഭക്കാരനാണെന്നും പല തവണ ദേവസ്യേട്ടൻ പറഞ്ഞിട്ടുണ്ട്. പക്ഷേ ആർക്കും മനസ്സിലായില്ല.

കേശവേട്ടൻ ഈയിടെയായി ദേവസ്യേട്ടനെ വിളിക്കുന്നത്, 'പ്രാദേശിക സഭക്കാരനായ പെന്തെക്കോസ്തുകാരൻ' എന്നാണ്.

"എന്താ ദേവസ്സ്യേ, നീ പറഞ്ഞത്?" നാണുവേട്ടൻ ചോദിച്ചു.

"അല്ല, ഞാൻ പറയ്വായിരുന്നു... എല്ലാറ്റിനും കണക്കു ബോധിപ്പിക്കേണ്ട ഒരു ദിവസം ഉണ്ടെന്ന്..."

"ആരുടെ അടുത്ത്... ആരുടെ അടുത്ത് കണക്കു ബോധിപ്പിക്കണംന്ന്...? നെന്റെ യേശൂന്റെ അടുത്താ...?"

നാണുവേട്ടനിലെ ബിജെപിക്കാരൻ പെട്ടെന്നു ഉണർന്നു. പ്രാർത്ഥന

ക്കാരെ കണ്ടാൽ നാണുവേട്ടൻ പെട്ടെന്നു ആളു മാറും.

“ഞാൻ പറഞ്ഞത് ബൈബിൾപ്രകാരമാണ് നാണുവേട്ടാ... എല്ലാത്തിനും ഒരിക്കൽ ദൈവമുമ്പാകെ കണക്കു ബോധിപ്പിക്കേണ്ടി വരും.”

ദേവസ്സി വിശദീകരിക്കാൻ ശ്രമിച്ചെങ്കിലും അത് പൂർത്തീകരിക്കുന്നതിനു മുമ്പ് നാണുവേട്ടൻ പൊട്ടിത്തെറിച്ചു.

“അതു തന്ന്യാ ഞാനും ചോദിക്കണത്.. നെന്റെ യേശൂന്റെ അടുത്താണോ കണക്ക് ബോധിപ്പിക്കേണ്ടത്? ഞങ്ങടെ ദൈവങ്ങളുടെ അടുത്തായാൽ എന്താ കൊഴപ്പം?”

“നാണുവേട്ടാ, ദൈവം എന്നു പറഞ്ഞാൽ സർവശക്തൻ ആകണം. അങ്ങനെ ഒന്നിലധികം ആളുകൾ പാടില്ല. ഒരാളേ പാടുള്ളൂ. അപ്പൊ ദൈവങ്ങൾ എന്നു നാണുവേട്ടൻ പറഞ്ഞത് തെറ്റാണ്.”

“ഏയ് നിർത്ത് നിർത്ത്...” കേശവേട്ടൻ ഇടയിൽ കയറി പറഞ്ഞു “... ദൈവത്തെക്കുറിച്ചുള്ള ചർച്ച തല്ലിലേ അവസാനിക്കൂ.. അതുകൊണ്ട് അത് വിട്... നമുക്ക് ഹൈദരാബാദിലെ പീഡനം മതി...”

എല്ലാവരും ചിരിച്ചു.

പക്ഷേ നാണുവേട്ടൻ ചിരിക്കാൻ തയ്യാറായില്ല. ആ വിഷയം വിടാനും പുള്ളിക്കാരൻ തയ്യാറായില്ല.

“ദേവസ്സ്യേ, നെന്റെ യേശൂന് ആ ലേഡി ഡോക്ടറെ രക്ഷിക്കായിരുന്നില്ലേ? അങ്ങേര് എവിട്യായിരുന്നു?”

“എന്റെ യേശുവിനെ വിട്.. നാണുവേട്ടന്റെ ദൈവങ്ങളൊക്കെ എവിടാരുന്നു?” ദേവസ്സിയും വിട്ടുകൊടുക്കാൻ തയ്യാറായിരുന്നില്ല.

“ആ ഡോക്ടർ ഏതു ദൈവത്തെയാണോ വിളിച്ചപേക്ഷിച്ചത്, ആ ദൈവത്തെ നിങ്ങള് ആദ്യം ചോദ്യം ചെയ്യ്... ഹല്ല പിന്നെ...”

ദേവസ്സി ഇത്രയും പറഞ്ഞപ്പോഴേക്കും കേശവേട്ടൻ വീണ്ടും ഇടയിൽ കയറിപ്പറഞ്ഞു

“തളച്ച ചായ കൊണ്ടോന്ന് ഞാൻ മോന്തേല് ഒഴിക്കും... ല്ലാരം മിണ്ടാണ്ട് ഇരുന്നോട്ടാ... മതം ഇവിടെ വേണ്ട... ഹൈദരാബാദിലെ പീഡനമാണെങ്കി ആവാം...”

എല്ലാവരും ചിരിച്ചു.

“കേശവേട്ടന് മതം വേണ്ട.. പീഡനം മതി. കൊച്ചുകള്ളൻ...” പൊറിഞ്ചുവേട്ടനാണ് ഇതു വച്ചുകാച്ചിയത്.

“ശരി, ഞാൻ ഇതുംകൂടി പറഞ്ഞിട്ട് നിർത്താം” ദേവസ്സി ഉപസംഹരിച്ചു... “പോയിന്റ് നമ്പർ വൺ: യേശു ഈ ഭൂമിയിൽ വന്നത് പാപികളെ രക്ഷിക്കാനാണ്. പീഡനങ്ങളെ തടയേണ്ടത് അതാത് സർക്കാരാണ്. അതിനിവിടെ പോലീസും കോടതിയും ഒക്കെയില്ലേ? കുറ്റം പറയേണ്ടത് യേശുവിനെയല്ല, ഗവൺമെന്റിനെയും, പോലീസിനെയും കോടതിയെയും ആണ്.”

“പോയിന്റ് നമ്പർ റ്റു: കൊല്ലപ്പെട്ട ആ പെൺകുട്ടി ഏതെങ്കിലും ദൈവത്തെ വിളിച്ചപേക്ഷിക്കുന്നുണ്ടായിരുന്നോ എന്നറിയണം. എങ്കിൽ കുറ്റം

പറയേണ്ടത് ആ ദൈവത്തെയാണ്. എന്തിനും ഏതിനും എന്റെ യേശു കർത്താവിന്റെ നെഞ്ചത്തോട്ട് വര രുത്."

"പോയിന്റ് നമ്പർ ത്രീ..."

"നിറുത്തുന്നുണ്ടോ ദേവസ്സ്യേ നെന്റെ...." കേശവേട്ടൻ അലറി.

"ഞാൻ നിർത്തി... കേശവേട്ടൻ വെറയ്ക്കണ്ട"

ദേവസ്സി വാ പൊത്തിപ്പിടിച്ച് പുറ ത്തേക്കിറങ്ങി.

൦൦൦൦ ൦൦൦൦ ൦൦൦൦ ൦൦൦൦

കേശവേട്ടന്റെ ചായക്കട

ചൂടുള്ള ചായ, ചൂടുള്ള വട, ചൂടുള്ള ചർച്ച...

"ന്നാലും ആ നാലെണ്ണത്തിനേം പോലീസ് വെടിവച്ചു കൊന്നൂന്ന്..."

നാണുവേട്ടനാണ് അത് പറ ഞ്ഞത്.

"ഉവ്വോ?"

"ഉവ്വെന്നേ... വാട്സാപ്പിൽ ഉണ്ട ത്രേ... നാലെണ്ണത്തിനേം കൊണ്ടു പോയി ആ ഡോട്ടറെ കത്തിച്ച അതേ സ്ഥലത്ത് കൊണ്ടുപോയി ഠിം ഠിം ഠിം ഠിം.... വെടിവെച്ചു കൊന്നു"

"നന്നായി നാണുവേട്ടാ, നന്നായി... അമ്മേം പെങ്ങളേം തിരിച്ചറിയാത്തോ ന്മാരെ ഇതു തന്ന്യേ വേണ്ടത്"

കേശവേട്ടന് വളരെ സന്തോഷം.

"എന്താ നാണുവേട്ടാ നെങ്ങക്ക് ഒരു വെഷമം പോലെ...? ഇന്നലെ ആ നാലു തെമ്മാടികളെ കയ്യും കാലും മൂക്കും ചെത്തിക്കളഞ്ഞ് വെടി വെച്ചു കൊല്ലണംന്ന് പറഞ്ഞത് നെങ്ങളല്ലേ? എന്നിട്ടെന്താ ഇപ്പൊ?"

"ന്റെ കേശവേട്ടാ, ഇന്നലെ ഞാൻ അങ്ങനെ പറഞ്ഞൂന്നുള്ളത് നേര്... പക്ഷേ ആ നാലുപേർക്കും അമ്മേം അപ്പനും ഒക്കെ ഇല്ലേ? അതിലൊരു ത്തന് ഭാര്യ ഉണ്ട്. അവള് ഗർഭിണിയാ ണ്. ഇവരെയൊക്കെ വെടിവെച്ചു കൊല്ലാന്ന് വെച്ചാൽ..."

നാണുവേട്ടന് ദുഃഖം സഹിക്കാൻ പറ്റിയില്ല.

"അപ്പൊ ഇന്നലെ പറഞ്ഞതെല്ലാം നാണുവേട്ടൻ വിഴുങ്ങി, ല്ലേ?" പൊറി ഞ്ചുവേട്ടനാണ് അത് ചോദിച്ചത്.

"ഇന്നലെ പറഞ്ഞത്... അതു പോട്ടെ... എന്താ നിങ്ങള് ആ നാലു പേരുടേം വീട്ടുകാരെക്കുറിച്ച് ചിന്തി ക്കാത്തത്? പാവങ്ങളെ വെടിവച്ചു കൊന്നിരിക്കുന്നു... ദുഷ്ടപ്പോലീസ്!"

കോപത്തോടെ നാണു തുടർന്നു. "മനുഷ്യാവകാശസംഘടനകളും വക്കീലന്മാരുടെ സംഘടനയും പ്രതി ഷേധവുമായി വന്നിട്ടുണ്ട്."

ദേവസ്സിയാണ് അതിനു മറുപടി പറഞ്ഞത്. "ആ ഡോക്ടറെ കൊന്ന പ്പോൾ ഈ മനുഷ്യാവകാശസംഘട നകൾ എവിട്യായിരുന്നു? പിന്നെ വക്കീലന്മാരുടെ പ്രതിഷേധം... ആ നാലുപേരുടെ വക്കാലത്ത് നഷ്ടപ്പെട്ടി ല്ലേ? അതിന്റെ വെഷമം ആയിരിക്കും"

പക്ഷേ നാണുവേട്ടൻ തന്റെ വാദ ഗതിയിൽ ഉറച്ചുനിന്നു.

"ശിക്ഷ വിധിക്കേണ്ടത് പോലീസ

ല്ലല്ലോ, കോടതിയല്ലേ? പോലീസ് ഒരിക്കലും അവരെ വെടിവച്ചു കൊല്ലാൻ പാടില്ലായിരുന്നു.''

''ഓന്തിന്റെ സ്വഭാവാണല്ലോ നാണ്വേട്ടാ ങള് കാണിക്കുന്നത്'' കേശവേട്ടൻ തുറന്നടിച്ചു.

ദേവസ്സിയെ കണ്ടതും നാണുവേട്ടൻ ദേവസ്സിയോട്: "നെന്റെ യേശൂന് ആ നാലു പേരേം കൊല്ലാതെ നോക്കാൻ കഴിഞ്ഞില്ലല്ലോ ദേവസ്സ്യേ?"

"ദേ പിന്നേം എന്റെ കർത്താവിന്റെ മെക്കട്ട് വരുന്നു... നാണ്വേട്ടൻ വിളിക്കുന്നില്ലേ... കയ്യിൽ ഓടക്കുഴലുള്ളതിനേം, കഴുത്തിൽ പാമ്പ് ഉള്ളതിനേം, ചൂണ്ടുവിരലിൽ ചക്രം ഉള്ളതിനേം ഒക്കെ... ഇവരൊന്നും എന്ത്യേ ആ നാലു പേരെ രക്ഷിക്കാഞ്ഞത് എന്നു ചിന്തിക്കൂ..."

"മതം ഇവിടെ വേണ്ട..." കേശവേട്ടൻ ഗൗരവത്തിൽ പറഞ്ഞു.

"ആയിക്കോട്ടെ... മതം വേണ്ട.. പീഡനവും കൊലപാതകവും ആയിക്കോട്ടെ..." പൊറിഞ്ചുവേട്ടൻ കളിയാക്കിപ്പറഞ്ഞു.

നാണുവേട്ടൻ സങ്കടപ്പെട്ട് ഇരിക്കുന്നത് കണ്ടപ്പോൾ എല്ലാവർക്കും ചിരിപൊട്ടി.

''ഇന്നലെ നാണുവേട്ടന് ആ ഡോക്ടറ് കൊല്ലപ്പെട്ടതിൽ ദുഃഖം... ഇന്ന് ആ നാലു ബലാത്സംഗവീരന്മാർ കൊല്ലപ്പെട്ടതിൽ ദുഃഖം... ഇനി നാളെ... ആ പോലീസുകാരെ ശിക്ഷിച്ചാൽ അതിൽ ദുഃഖം..."

കേശവേട്ടൻ ഇതും പറഞ്ഞ് അട്ടഹസിച്ചു ചിരിച്ചു. ബാക്കിയുള്ളവരും ചിരിച്ചു - നാണുവേട്ടനൊഴികെ!


# വിശ്വാസവും സ്നാനവും

**ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?**

**Revised Second Edition**

**എം. വി. സെബാസ്റ്റ്യൻ**

**104 പേജുകളുള്ള പുസ്തകം**

**ആവശ്യപ്പെടുന്നവർക്ക് സൗജന്യമായി അയച്ചുകൊടുക്കുന്നു**

REAL LIFE
KOTTEKAD, KUTTUR P. O.
THRISSUR - 680 013

**Phone: 95 44 557 557**

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2020-22

Published on
17th January 2020

Posted at
Thrissur RMS

**ആനുകാലികം**

## കോപ്പനെ കുടുക്കിയ കെണി!

എരനല്ലൂർ സ്വദേശി എ. പി. വിജയൻ എന്ന മുതിർന്ന പൗരൻ റെയിൽവേയ്ക്ക് പരാതി നൽകിയത് ഇപ്രകാരമായിരുന്നു: "എന്നോട് കോപ്പൻ മോശമായി പെരുമാറി."

ആരാണ് ഈ കോപ്പൻ? അന്വേഷിച്ച് ആളെ കണ്ടെത്തി. ഒരു യുവാവ്. റെയിൽവേ റിസർവേഷൻ കൗണ്ടറിൽ ഇരുന്നിരുന്ന റെയിൽവേയുടെ ജീവനക്കാരൻ! അയാളുടെ അടുത്ത് ടിക്കറ്റ് ബുക്ക് ചെയ്യാനായി എത്തിയതാണ് നമ്മുടെ മുതിർന്ന പൗരൻ. പക്ഷേ യുവാവ് വളരെ മോശമായി അദ്ദേഹത്തോട് പെരുമാറി. അപ്പോൾ അദ്ദേഹം യുവാവിനോട് ചോദിച്ചു: "സാറിന്റെ പേരെന്താ?" ആ യുവാവ് ദേഷ്യത്തോടെ മറുപടി പറഞ്ഞു: "കോപ്പൻ!" ഉടനെ പരാതിയും പോയി: "എന്നോട് കോപ്പൻ മോശമായി പെരുമാറി."

ഏതായാലും റെയിൽവേയുടെ ഭാഗത്തുനിന്നും നടപടിയുണ്ടായി. സകല കോപ്പന്മാരുടെയും (സോറി, സകല ജീവനക്കാരുടെയും) യഥാർത്ഥ പേരുകൾ എല്ലാ കൗണ്ടറിലും പ്രദർശിപ്പിക്കണമെന്ന നിർദേശം ഉടനെ പുറപ്പെടുവിച്ചു. ഇനി ആർക്കും പേര് ചോദിക്കേണ്ടി വരില്ല. (2020 ജനുവരി 1 ലെ പത്രവാർത്ത)

തങ്ങളുടെ ജോലി ഭംഗിയായി ചെയ്യാൻ എല്ലാവരും തയ്യാറായിരുന്നുവെങ്കിൽ നമ്മുടെ നാട് എന്നേ നന്നാകുമായിരുന്നു! അതിനിടയിൽ ചില 'കോപ്പന്മാർ' കേറി കളിക്കുന്ന കാരണം എല്ലായിടത്തും പൊതുജനത്തനു സമയനഷ്ടവും മാനഹാനിയും പണനഷ്ടവും സംഭവിക്കുന്നു. ഈ അവസ്ഥയ്ക്ക് എന്നെങ്കിലും മാറ്റം ഉണ്ടാകണമെങ്കിൽ ആദ്യം അധികാരികൾ നന്നാകണം. നിയമപാലകർ തന്നെ നിയമലംഘകരാകുമ്പോൾ എന്തു ചെയ്യാനൊക്കും?

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V